**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. അരുൺ പൗലോസ് ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)- ജോലിയിൽ പുനഃ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. മേലെഴുത്ത് നം. ഇ.ബി1- 16200/18/ആ.വ.ഡ തീയതി 10.07.2018
2. ഡോ. അരുൺ പൗലോസന്റെ അപേക്ഷ

**ഉത്തരവ് നം. ഇ.എ1- 1040/2018/ആ.വ.ഡ തീയതി 10.07.2018**

കണ്ണൂർ ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റായി ജോലി നോക്കി വരവെ പഠനാവശ്യത്തിനായി 01.11.2017 മുതൽ 31.10.2019 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഡോ. അരുൺ പൗലോസ് പഠനം പൂർത്തിയാക്കാതെ ജോലിയിൽ പുനഃ പ്രവേശിക്കുന്നതിന് പരാമർശ പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ആയതിനാൽ ഡോ. അരുൺ പൗലോസിനെ **എറണാകുളം തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)** തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടിയാൻ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. ഡോ. അരുൺ പൗലോസിന്റെ 01.11.2017 മുതൽ ജോലിയിൽ പുനഃപ്രവേശിക്കുന്ന വരെയുള്ള കാലയളവ് ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സ്വീകരിക്കേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. അരുൺ പൗലോസ്, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കണ്ണൂർ/ എറണാകുളം
3. സൂപ്രണ്ട്, ജില്ലാ ആശുപത്രി കണ്ണൂർ/ താലൂക്ക് ആസ്ഥാന ആശുപത്രി തൃപ്പൂണിത്തുറ, എറണാകുളം
4. സൂപ്രണ്ട്, ഇ.ബി സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

GOVERNMENT OF KERALA